പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2648 — 12/2/2019 ൽ മറുപടിക്ക്

**പെരിന്തൽമണ്ണയിൽ പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടമായവർ**

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | മലപ്പുറം ജില്ലയിൽ പ്രളയത്തിൽ മൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന് ജില്ലാ കളക്ടറിൽ നിന്നും 1000000 രൂപയും മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2654300 രൂപയും അനുവദിച്ചിരുന്നു. ആയത് പ്രകാരം മലപ്പുറം ജില്ല ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ എല്ലാ കർഷകർക്കും നിലവിലെ മാനദണ്ഡം അനുസരിച്ച് ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | ഇത്തരം കർഷകർക്ക് പുതിയവ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഇത്തരം കർഷകർക്കായി പ്രത്യേകം പദ്ധതികൾ നിലവിലില്ല. എന്നാൽ നവകേരള സൃഷ്ടിപ്രകാരമുള്ള 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നിവളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ